# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2420 19.06.2013 - ൽ മറുപടിക്ക്

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികളിലൂടെ ജലവിതരണം നടത്തിവരുന്നു.<br>1. ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി - പടിഞ്ഞാറേത്തറ & തരിയോട് വില്ലേജുകൾ (പടിഞ്ഞാറെത്തറ, തരിയോട് പഞ്ചായത്തുകൾ)<br>2. ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി - വലിയപാറ(പൊഴുതന പഞ്ചായത്ത്)<br>3. വൈത്തിരിയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (വൈത്തിരി പഞ്ചായത്ത്)<br>4. ചുണ്ടേലിയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (വൈത്തിരി പഞ്ചായത്ത്)<br>5. മുപ്പൈനാടിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (മുപ്പൈനാട് പഞ്ചായത്ത്)<br>6. കൽപ്പറ്റ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതി (കല്പറ്റ മുനിസിപ്പാലിറ്റി)<br>7. കണിയാമ്പറ്റ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (കണിയാമ്പറ്റ പഞ്ചായത്ത്)<br>8. കോട്ടത്തറയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (കോട്ടത്തറ പഞ്ചായത്ത്)<br>9. കരിയപാടിയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (മുട്ടിൽ പഞ്ചായത്ത്)<br>10. കൊക്കഴിയിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (കൽപ്പറ്റ മുനിസിപാലിറ്റി)<br>11. ഗാന്ധിനഗറിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (വേങ്ങപ്പള്ളി പഞ്ചായത്ത്)<br>12. മുട്ടിൽ പഞ്ചായത്തിലേയ്ക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (മുട്ടിൽ പഞ്ചായത്ത്)<br>13. പിണങ്ങോട്ടേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (വേങ്ങപ്പള്ളി പഞ്ചായത്ത്) |

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ താഴെ പറയുന്നു.

1. കല്പറ്റ നഗര ശുദ്ധജലവിതരണ പദ്ധതി 3217 ലക്ഷം രൂപ (യു.ഐ.ഡി. എസ്.എസ്.എം.റ്റി)
2. മുപ്പൈനാട്, മേപ്പാടി, വൈത്തിരി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഒന്നാം ഘട്ടം - 3260 ലക്ഷം രൂപ (നബാർഡ് സഹായം)
3. സുൽത്താൻ ബത്തേരി, നൂൽപ്പുഴ, മുട്ടിൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഒന്നാം ഘട്ടം - 4220 ലക്ഷം രൂപ(നബാർഡ് സഹായം)
4. പടിഞ്ഞാറേത്തറ, കുപ്പാടിത്തറ വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി 430 ലക്ഷം (എം.എസ്.ഡി.പി)

(ബി) ഓരോ പദ്ധതിയും ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽ പറഞ്ഞ പദ്ധതികളുടെ നിലവിലുള്ള അവസ്ഥ താഴെ പറയുന്നു.

1. കൽപ്പറ്റ നഗര ശുദ്ധജലവിതരണ പദ്ധതി

പദ്ധതിയുടെ കിണർ, പമ്പ്ഹൗസ് എന്നിവ പൂർത്തീകരിച്ച് ശുദ്ധീകരണ ശാലയുടെ പ്രവൃത്തികൾ നടന്നു വരുന്നു. പ്രധാന പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. ഗൂഡലായി ഭാഗത്തേയ്ക്കുള്ള ജലസംഭരണി, വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകി കഴിഞ്ഞു. കൂടാതെ ട്രാൻഫോർമറുകൾ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് വേണ്ടിയും വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഭരണാനുമതി ലഭിച്ച തുകയുടെ അപര്യാപ്തത മൂലം പുതുക്കിയ എസ്റ്റിമേറ്റ് (4275 ലക്ഷം രൂപ) അംഗീകാരത്തിനായി കെ.എസ്. യു.ഡി.പി യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

2. മുപ്പൈനാട്, മേപ്പാടി, വൈത്തിരി ശുദ്ധജലവിതരണ പദ്ധതി

....................3

3. സുൽത്താൻ ബത്തേരി, നൂൽപ്പുഴ, മുട്ടിൽ ശുദ്ധജലവിതരണ പദ്ധതി

മേൽപ്പറഞ്ഞ രണ്ടു പദ്ധതികൾക്കും 21.02.2013-ന് ഭരണാനുമതി നൽകി. കിണർ, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചു. മറ്റു പ്രവൃത്തികളുടെ പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടികൾ നടന്നു വരുന്നു.

4. പടിഞ്ഞാറെത്തറ, കുപ്പാടിത്തറ വില്ലേജ് ശുദ്ധജലവിതരണ പദ്ധതി

പദ്ധതിയുടെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ശുദ്ധീകരണ ശാലയുടെ പ്രവൃത്തി പൂർത്തീകരിച്ചാൽ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. 2013 സെപ്തംബറിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(സി) താഴെപറയുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് 16.05.2013-ൽ നടന്ന എസ്എൽഎസ്എസ്സി -യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

1. തരിയോട്, പൊഴുതന, കൊട്ടത്തറ, വേങ്ങപ്പള്ളി, പടിഞ്ഞാറേത്തറ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി - ഒന്നാം ഘട്ടം - 3770 ലക്ഷം രൂപ. പദ്ധതി 1500 ലക്ഷം രൂപയ്ക്ക് എസ്എൽഎസ്എസ്സി കമ്മിറ്റി അംഗീകരിച്ചിരുന്നു. ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.
2. തരിയോട്, പൊഴുതന, കൊട്ടത്തറ, വേങ്ങപ്പള്ളി, പടിഞ്ഞാറേത്തറ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി രണ്ടാം ഘട്ടം - 4030 ലക്ഷം രൂപ - ഫണ്ടിന്റെ അഭാവം മൂലം പരിഗണിച്ചില്ല.
3. സുൽത്താൻ ബത്തേരി, നൂൽപ്പുഴ, മുട്ടിൽ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി രണ്ടാം ഘട്ടം 4523 ലക്ഷം രൂപ. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പണികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ എസ്.എൽ.എസ്.എസ്.സി കമ്മിറ്റി പദ്ധതി പരിഗണിച്ചില്ല.

.....................4

4. മുപ്പൈനാട്, മേപ്പാടി, വൈത്തിരി പഞ്ചായത്തുകളിലേയ്ക്കുളള സമഗ്ര ശുദ്ധജലവിതരണ പദ്ധതി രണ്ടാം ഘട്ടം 5735 ലക്ഷം രൂപ. എസ്.എൽ.എസ്. എസ്.സി കമ്മിറ്റി പദ്ധതി 800 ലക്ഷം രൂപയ്ക്ക് അംഗീകരിച്ചു. ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ